**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **20-06-2024 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾ നിയമ വിരുദ്ധമായി മാറ്റം വരുത്തി ഉപയോഗിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനങ്ങളിൽ നിയമ വിരുദ്ധമായി മാറ്റം വരുത്തി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മോട്ടോർ വാഹന നിയമത്തിന് വിരുദ്ധമായിട്ടുള്ള ഇത്തരം നീക്കങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് ഹൈക്കോടതി നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 1728/2021, SSCR No. 20 of 2021 നമ്പർ കേസുകളിലെ ഉത്തരവുകൾ പ്രകാരം മോട്ടോർ വാഹന നിയമത്തിന് വിരുദ്ധമായി വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹു: കോടതി നിർദേശപ്രകാരം നിയമലംഘകരുടെ ലൈസെൻസ് സസ്‌പെൻഡ് ചെയ്യുന്നതിനും IDTRൽ പരിശീലനം നൽകാനും മോട്ടോർ വാഹന നിയമലംഘനങ്ങളുടെ വ്യാപ്തി പരിശോധിച്ച് നിയമ വിരുദ്ധമായി മാറ്റം വരുത്തിയ വാഹനങ്ങളുടെ RC റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പൊതുസ്ഥലങ്ങളിലെ ഡ്രിഫ്റ്റിങ്ങിന്റെയും മറ്റു റോഡ് ഉപഭോക്താക്കളുടെ സുരക്ഷക്കു ഭീഷണിയാകുന്ന പ്രവർത്തനങ്ങളുടെയും വീഡിയോകൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ